# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4591** **26.10.2016-ൽ മറുപടിയ്ക്ക്**

## ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

**ചോദ്യം**
**ശ്രീ.സി. ദിവാകരൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഭവനരഹിതരായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ 26210 പട്ടികജാതി കുടുംബങ്ങളും 15149 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്. |
| ബി) | ഇവർക്ക് വീട് നിർമ്മിച്ച് നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | ബി) | ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ അനുവദിച്ച് നൽകുന്നുണ്ട്. ഓരോ വർഷവും ഇതിലേക്ക് നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തുകയും നിശ്ചിത എണ്ണം പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ആയതിൻ പ്രകാരം ധനസഹായം അനുവദിച്ച് നൽകുകയും ചെയ്യുന്നു. 2016-17 വർഷം 7500 പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങൾ മുഖേന ഐ.എ.വൈ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവനനിർമ്മാണ പദ്ധതി, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം സംസ്ഥാനത്തെ ഭവനരഹിതരും അർഹരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ വീട് അനുവദിച്ചു വരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തിരം ഐ.എ.വൈ, ഇ.എം.എസ് പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ